WEDNESDAY

01/10/2025

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS

Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/10/2025

1. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ഉയർന്ന ഉൽപാദനം ഉറപ്പുവരുത്തുക, ജലത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ആർ കെ വി വൈ – പി ഡി എം സി സൂക്ഷ്മ ജലസേചനം (പി ഡി എം സി മൈക്രോ ഇറിഗേഷൻ) പദ്ധതിയിലൂടെ കൃഷിയിടങ്ങളിൽ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ (ഡ്രിപ്പ്, സ്പ്രിംഗ്ളർ) സബ്സിഡിയോടെ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. കർഷകർക്ക് ഈ പദ്ധതി പ്രകാരം ചെലവ് വരുന്ന തുകയുടെ 45 മുതൽ 55 ശതമാനം തുക പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. കേര കർഷകർക്ക് ഇതിനുപുറമേ കേരസമൃദ്ധി പദ്ധതി പ്രകാരം 30 ശതമാനം പ്രത്യേക ധനസഹായം ലഭിക്കും. നിബന്ധനകൾക്ക് വിധേയമായി ജലസ്രോതസ്സുകളുടെ വികസനം, പമ്പിംഗ് ആവശ്യങ്ങൾ എന്നിവയ്ക്ക് കൂടി സൂക്ഷ്മ ജലസേചന സംവിധാനത്തോടൊപ്പം സഹായം നൽകും. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാര്യാലയത്തിലും ലഭ്യമാണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ആധാർ, ബാങ്ക് പാസ് ബുക്ക്, ഈ വർഷം ഒടുക്കിയ ഭൂനികുതി രശീതി, ജാതി സർട്ടിഫിക്കറ്റ് (പട്ടികജാതി / പട്ടിക വർഗ്ഗക്കാർക്ക് മാത്രം) എന്നിവയുടെ പകർപ്പ് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടാം. ഫോൺ: സ്റ്റേറ്റ് അഗ്രികൾച്ചറൽ എൻജിനിയർ – 9383470065, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , കോഴിക്കോട് – 9383471797, ആലപ്പുഴ – 9383470693, തിരുവനന്തപുരം – 9383472010, കൊല്ലം – 9383470241, പത്തനംതിട്ട – 9383470518, ആലപ്പുഴ – 9383470694, കോട്ടയം – 9447344143, എറണാകുളം – 9383471479, തൃശ്ശൂർ – 9383471422, പാലക്കാട് – 9383471479, ഇടുക്കി – 8921668079, മലപ്പുറം – 9383471643, കോഴിക്കോട് – 9446429642, വയനാട് – 9383471924, കണ്ണൂർ – 9383472050, കാസർഗോഡ് – 9495082339. 2025 – 26 സാമ്പത്തിക വർഷം 100 കോടി രൂപ ഈ പദ്ധതിയ്ക്കായി സർക്കാര് വകയിരുത്തുകയും അതിൽ 72.81 കോടി നിലവില് ലഭ്യമാക്കിയിട്ടുണ്ട്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. ക്ഷീരവികസനവകുപ്പിന്റെ 2025-2026 വാർഷികപദ്ധതിയുടെ ഭാഗമായുള്ള എറണാകുളം ജില്ലാ ക്ഷീരസംഗമം ക്ഷീരസഹകരണ സംഘങ്ങളുടെയും വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെയും ത്രിതല പഞ്ചായത്തുകളുടെയും സംയുക്താഭിമുഖ്യത്തിൽ മിൽമ, കേരളഫീഡ്സ്, വിവിധ ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ 2025 ഒക്ടോബർ 3, 4 തീയതികളിൽ പോഞ്ഞാശ്ശേരി ക്ഷീരോത്പാദക സഹകരണസംഘത്തിന്റെ ആതിഥേയത്വത്തിൽ പോഞ്ഞാശ്ശേരി മൂൺലൈറ്റ് കൺവെൻഷൻ സെന്ററിൽ നടത്തപ്പെടുകയാണ്. 2025 ഒക്ടോബർ 4ന് പോഞ്ഞാശ്ശേരി മൂൺലൈറ്റ് കൺവെൻഷൻ സെൻററിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ മൃഗസംരക്ഷണ – ക്ഷീര വികസനവകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ജില്ലാ ക്ഷീരസംഗമത്തിന്റെ ഉദ്ഘാടനം നിർവഹിക്കുന്നതാണ്. നിയമ-വ്യവസായ – കയർ വകുപ്പ് മന്ത്രി അഡ്വ. പി. രാജീവ് അദ്ധ്യക്ഷത വഹിക്കുന്നതാണ്.

3. തരിശുരഹിത നെൽപ്പാടം പദ്ധതിയുടെ ഭാഗമായി വർക്കല ഇലകമൺ ഗ്രാമപഞ്ചായത്ത് കൃഷിഭവൻ്റെ പരിധിയിലുള്ള തരിശുനിലങ്ങളിൽ കൃഷി ചെയ്യാൻ താല്പര്യമുള്ള കർഷകർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇലകമൺ കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കണം. മറ്റുള്ളവരെക്കൊണ്ട് കൃഷി ചെയ്യിക്കാൻ താല്പര്യമുള്ള തരിശുനിലങ്ങളുടെ ഉടമകൾക്കും പ്രസ്തുത പദ്ധതി പ്രകാരം **ഒക്ടോബർ 30** വരെ കൃഷിഭവനിൽ അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് ഇലകമൺ കൃഷി ഓഫീസർ അറിയിച്ചു.

4. ആനിമൽ ഹസ്ബൻഡ്രി ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെൻ്റ് ഫണ്ട് -AHIDF ഉപയോഗിച്ച് ഡയറി, കോഴി, മാംസ സംസ്കരണ യൂണിറ്റുകൾ, സാങ്കേതിക സഹായത്തോടെയുള്ള ബ്രീഡ് ഇംപ്രൂവ്മെന്റ് ഫാമുകൾ, "മൃഗങ്ങളുടെ മാലിന്യം സമ്പത്തിലേക്ക്" അല്ലെങ്കിൽ "വെറ്ററിനറി വാക്സിൻ/മരുന്ന് നിർമ്മാണ യൂണിറ്റുകൾ" എന്നിവ സ്ഥാപിക്കുന്നതിനോ നവീകരിക്കുന്നതിനോ ഉള്ള യോഗ്യതയുള്ള ടേം ലോണിന് പരിധിയില്ലാതെ 3% പലിശ സബ്‌വെൻഷൻ, 2 വർഷത്തെ തിരിച്ചടവ് മൊറട്ടോറിയം എന്നിവ നേടുക.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487 – 2370773, 8547070773.

## പരിശീലന പരിപാടി

6. കശുമാവ് തോട്ടങ്ങളിൽ തേനീച്ച കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കശുമാവ് കർഷകർക്ക് 40 ശതമാനം സബ്സിഡിയോടെ സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി തേനീച്ച കോളനികളും ഉപകരണങ്ങളും ഹോർട്ടികോർപ്പിന്റെ സഹകരണത്തോടെ നൽകുന്നു. 60 ശതമാനം തുക കർഷകര് വഹിക്കണം. അപേക്ഷാ ഫോം www.ksacc.kerala.gov.in ലും ജില്ല ഫീൽഡ് ഓഫീസിലും ലഭിക്കും. ചെയർമാൻ, കെ.എസ്.എ.സി.സി, അരവിന്ദ് ചേമ്പേഴ്സ്, മുണ്ടയ്ക്കൽ വെസ്റ്റ്, കൊല്ലം– 691001 വിലാസത്തില് ഒക്ടോബര് 20 നകം ലഭിക്കണം. ഫോൺ: 0474–2760456, 9496046000, 9496047000.

7. സുൽത്താൻ ബത്തേരി മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ **ആട് വളർത്തൽ** പരിശീലനം സംഘടിപ്പിക്കുന്നു. ഒക്ടോബർ 7 ന് രാവിലെ 10 മുതൽ 5 വരെ നടക്കുന്ന പരിപാടിയിൽ പങ്കെടുക്കാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താത്പര്യമുള്ളവർ ഒക്ടോബർ നാലിനകം 04936 297084 മുഖേന മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

8. <u>കാർഷിക നിർദേശം</u>

വാഴയിൽ ഇല തീനി പുഴുക്കൾക്കെതിരെ ക്വിനാൽഫോസ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം